## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3417 — 08.11.2019 ൽ മറുപടിക്ക്

## തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | സംസ്ഥാനത്ത് തെരുവ് നായ ആക്രമണം ഭയാനകമാം വിധം വർദ്ധിക്കുമ്പോഴും ഇവയെ വന്ധ്യംകരിക്കാനുള്ള എ.ബി.സി. പദ്ധതി ഇഴയുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | എ) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തുന്ന എബിസി പ്രോഗ്രാം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നു-വരുന്നുണ്ട്. സർക്കാരിന്റെ 09.11.2018-ലെ ആർ.സി.3/422/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവുനായ സംരക്ഷണത്തി-ലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>2017 ജൂൺ മുതൽ 2019 ഒക്ടോബർ വരെ 43834 തെരുവുനായ്ക്കളെ കുടുംബശ്രീയുടെ നേതൃത്വത്തിൽ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. |
| ബി | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുട്ടികൾ, വിനോദ സഞ്ചാരികൾ, വൃദ്ധർ, വളർത്തു മൃഗങ്ങൾ എന്നിവർക്കൊക്കെ നിരന്തരം കടിയേറ്റിട്ടും നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്, തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് എല്ലാ നായകളെയും ABC പദ്ധതി വഴി വന്ധ്യംകരണത്തിന് വിധേയമാക്കുന്നുണ്ട്. |
| സി | വഴിയരികിൽ വ്യാപകമായി മാലിന്യം തള്ളുന്നതും മാലിന്യ സംസ്കരണം ശരിയാംവിധം നടക്കാത്തതും തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ; | സി&ഡി) വഴിയരികിൽ വ്യാപകമായി മാലിന്യം തള്ളുന്നത് തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. നിലവിൽ പരിസര ശുചിത്വം പാലിക്കുന്നതിനും, മാലിന്യം അലക്ഷ്യമായ് കൈയൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും, എബിസി പദ്ധതി കാര്യക്ഷമമാക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് അവബോധം |
| ഡി | എങ്കിൽ എ.ബി.സി. പദ്ധതിയും മാലിന്യസംസ്കരണവും ഊർജിതമാക്കി തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ | |

| | | |
|---|---|---|
| | നടപടി സ്വീകരിക്കുമോ? | നൽകിവരുന്നുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പട്ടി/പന്നി ലൈസൻസ് വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ.നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി.(Early Neutering Dogs), എന്ന തെരുവ് നായ്ക്കളെ വളരെ ചെറുപ്രായത്തിൽ തന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള പ്രാദേശിക നടപടിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കി വരുന്ന എബിസി പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി വാർഷിക പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.<br><br>വികേന്ദ്രീകൃത - ഉറവിട മാലിന്യ പരിപാലന പരിപാടിയാണ് മിക്ക നഗരസഭകളും നടപ്പിലാക്കി വരുന്നത്. സ്വച്ഛ് ഭാരത മിഷൻ അംഗീകരിച്ച ഡിപിആർ പ്രകാരമുള്ള പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നതിനും നഗരസഭകളിൽ മാലിന്യ പരിപാലന പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ച വരുന്നതാണ്. ടി പദ്ധതിയും ABC പദ്ധതിയും ഊർജ്ജിതമാക്കി കൊണ്ട് തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**